ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷന്റെ 115 ഓളം ഷോപ്പുകൾ ദേശീയ-സംസ്ഥാന പാതയോരങ്ങൾക്ക് സമീപത്തായി സ്ഥിതി ചെയ്യുന്നുണ്ട്. ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ കോർപ്പറേഷൻ ബഹു. കോടതിയെ അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്നും മദ്യശാലകൾക്ക് ദൂരപരിധി നിശ്ചയിച്ചിട്ടില്ല.

കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

130 (1999) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലത്ത് എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടമില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് താലൂക്കിൽ പുളക്കോട് വില്ലേജിൽ റീ-സർവ്വേ 20/1 എ 1-ൽപ്പെട്ട 1.51 ഏക്കർ റവന്യൂ ഭൂമിയിൽ നിന്ന് 30.6 സെന്റ് ഭൂമി എക്സൈസ് വകുപ്പിന് കൈമാറാൻ സന്നദ്ധമാണെന്ന് 12-7-2013-ലെ എൽ1/12/35133/11-ാം നമ്പർ കത്ത് പ്രകാരം കോഴിക്കോട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും റവന്യൂ വകുപ്പിൽ നിന്നും ടി ഭൂമി എക്സൈസ് വകുപ്പിന് അനുവദിച്ചുത്തരവായിട്ടില്ല; ടി ഭൂമി അനുവദിച്ചു കിട്ടിയാലുടൻ എക്സൈസ് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

ഡിസ്റ്റിലറികളുടെ പ്രവർത്തനം

131 (2000) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാറുകൾ നിർത്തലാക്കി മദ്യവർജ്ജനം നടപ്പിലാക്കുന്ന വേളയിലും മദ്യം നിർമ്മിക്കുന്ന ഡിസ്റ്റിലറികൾ നിർത്തലാക്കാൻ നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഡിസ്റ്റിലറികൾ നിർത്തലാക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനങ്ങളൊന്നും തന്നെ എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly